# M G U P SCHOOL

## PRAKKANAM

# ACADEMIC MASTER PLAN

## 2025 - 2026

# ആമുഖം.

പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിൽ, കോഴഞ്ചേരി ഉപജില്ലയിൽ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ പ്രക്കാനം ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് മഹാത്മാഗാന്ധി അപ്പർ പ്രൈമറി സ്കൂൾ പ്രക്കാനം (എം.ജി. യു.പി.സ്കൂൾ) കാഞ്ഞിരപ്പാറ കുടുംബ മാനേജ്മെന്റിനാൽ 1957-ൽ സ്ഥാപിതമായ എയ്ഡഡ് വിദ്യാലയമാണിത്. 5, 6, 7 ക്ലാസുകളിലായി നിരവധി വിദ്യാർഥികൾ ഇവിടെ പഠനം നടത്തുകയും സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. ഗ്രാമവാസികളായ എല്ലാ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ ഇന്നും ഈ വിദ്യാഭ്യാസ സ്ഥാപനം പ്രവർത്തിച്ചു വരുന്നു. 2025-26 അധ്യയന വർഷത്തിലും പ്രതിസന്ധികളെ അതിജീവിച്ച് ഈ വിദ്യാലയം മുന്നോട്ടു പോകുന്നു.

ഈ വർഷം 5, 6, 7 ക്ലാസുകളിലായി 33 കുട്ടികൾ പഠനം നടത്തുന്നു. കുട്ടികളുടെ സമഗ്രമായ വികസനത്തിന് പ്രാധാന്യം നൽകി പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങൾക്കും ക്ലബ്ബ് പ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകിയുള്ള പ്രവർത്തനങ്ങളാണ് സ്കൂളിൽ നടന്നു വരുന്നത്.

ഉപജില്ലാ തലത്തിലെ എല്ലാ പ്രവർത്തനങ്ങളിലും ഈ വിദ്യാലയത്തിലെ കുട്ടികൾ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ചവെക്കുകയും ചെയ്യുന്നുണ്ട്. ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ മേളകൾ, കലോത്സവം, സ്പോർട്സ് എന്നിവയിലെല്ലാം കുട്ടികൾ നിരവധി സമ്മാനങ്ങൾ നേടിയെടുത്തിട്ടുണ്ട്.

വിദ്യാരംഗം കലാസാഹിത്യവേദി, ഗണിത ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, സുരക്ഷാ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ് തുടങ്ങി വിവിധതരം ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു വരുന്നുണ്ട്. ലൈബ്രറിക്കായി പ്രത്യേക മുറി ഇല്ലെങ്കിലും ധാരാളം പുസ്തകങ്ങൾ വായനയ്ക്കായി ഒരുക്കിയിട്ടുണ്ട്. ഭാഷാശേഷി വികസനത്തിനായി വായനാ സാമഗ്രികൾ നൽകി പ്രോത്സാഹനം നൽകുന്നുണ്ട്. വായനയ്ക്ക് പ്രാധാന്യം നൽകി, എല്ലാ കുട്ടികളും വായിക്കുക എന്ന ലക്ഷ്യമാണ് ഈ വർഷം പ്രധാനമായും നടത്തുന്നത്. ശാസ്ത്രലാബിന് ആവശ്യമായ സാധനങ്ങൾ സ്കൂളിൽ ക്രമീകരിച്ചിട്ടുണ്ട്. അവയുടെ സഹായത്തോടെ കുട്ടികൾക്ക് പരീക്ഷണങ്ങൾ നടത്താനുള്ള സൗകര്യവും സ്കൂളിലുണ്ട്

സ്കൂളിന്റെ മറ്റൊരു സവിശേഷത വിശാലമായ ഗ്രൗണ്ടാണ്. കുട്ടികൾക്ക് ഇവിടെ കളിക്കാനും കായികശേഷി വളർത്താനുമുള്ള സൗകര്യം നൽകുന്നുണ്ട്. വിശാലമായ സ്കൂൾ പരിസരം വൃക്ഷലതാദികളാൽ ഹരിതാഭമാണ്. സ്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തമാക്കാൻ അധ്യാപകരും വിദ്യാർത്ഥികളും പരിശ്രമിക്കുന്നു. കുട്ടികളിൽ പ്രകൃതിസ്നേഹം, ശുചിത്വബോധം, സഹകരണം തുടങ്ങിയ ശീലങ്ങൾ വളർത്തിയെടുക്കാൻ അധ്യാപകരും പി.ടി. എ യും ഒരുമിച്ച് പ്രവർത്തിക്കുന്നു. 2025-2026 ലും മികച്ച ഒരു അധ്യയന വർഷമാക്കി മാറ്റുവാൻ സ്കൂൾ അധ്യാപകരും, രക്ഷിതാക്കളും മാനേജ്മെന്റും ഒരുമിച്ച് നിൽക്കുന്നതാണ്.

മേഖല - മലയാളം

ഉപമേഖല - അടിസ്ഥാന ഭാഷാശേഷി വികസനം
വായന, ലേഖനം.

ലക്ഷ്യം - ഭാഷാപരമായ ശേഷികൾ വളർത്തുക.

പ്രതീക്ഷിത നേട്ടങ്ങൾ- ആശയ പ്രകടന ശേഷി വളർത്തുക
- വായനാ ശീലം വളർത്തുക.
- തെറ്റില്ലാതെ എഴുതാനുള്ള കഴിവ് വളർത്തിയെടുക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം- ആശയ സംവേദനം, പ്രകടനം, എഴുത്ത് എന്നിവയിൽ പ്രാപ്തരാക്കുക. | വിവിധ വിഷയങ്ങൾ നൽകി അതിനെ കുറിച്ച് ചർച്ച നടത്തുക. കുട്ടികളുടെ ആശയ പ്രകടനത്തിന് പ്രാധാന്യം നൽകുക. പിന്നീട് അവരുടെ ആശയങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിൽ എഴുതുക. (എന്റെ അവധിക്കാലം, എന്റെ യാത്രാനുഭവം, പ്രകൃതി etc...) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ നൽകി പദങ്ങൾ, വാക്യങ്ങൾ എന്നിവയുടെ നിർമ്മാണം. | ജൂൺ, ജൂലൈ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വായനക്കാർഡുകൾ, പത്രം, പുസ്തകങ്ങൾ എന്നിവ നൽകി വായിപ്പിക്കുകയും, ഉറക്കെ വായിപ്പിച്ച് വായന വിലയിരുത്തുകയും ചെയ്യുക. അസംബ്ലി, മറ്റ് ക്ലബ്ബ് പ്രവർത്തനങ്ങൾ എന്നിവയിൽ വാർത്താവായനക്ക് അവസരം നൽകി മികച്ച വായനയിലേക്ക് എത്തിക്കുക. | എല്ലാ ദിവസവും. | മലയാളം ക്ലബ്ബ്. |
| പഠിതാക്കളുടെ കലാവാസനകൾ പ്രോത്സാഹിപ്പിക്കുക. | പാഠഭാഗത്തെ വിവിധ പ്രവർത്തനങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലാക്കി അവതരിപ്പിക്കുവാനുള്ള അവസരം നൽകൽ. | അക്കാദമിക വർഷം. | പി. ടി. എ അധ്യാപകർ |
| വിശാല വായനയിലേക്ക് എത്തിക്കുക. | സ്കൂൾ ലൈബ്രറി പ്രദേശത്തെ ലൈബ്രറി ഇവയുടെ സഹായത്തോടെ വിശാലമായ വായനയിലേക്ക് കുട്ടികളെ നയിക്കുക. | അക്കാദമിക വർഷം | അധ്യാപകർ |

മേഖല - ഹിന്ദി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) 5, 6, 7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ കുട്ടികൾക്ക് ഹിന്ദിയെ ഇഷ്ടപ്പെടാൻ അവസരമൊരുക്കൽ | - പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കൽ ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് തുടങ്ങിയവ കാണിച്ച് പ്രവർത്തനങ്ങൾ നടത്തുക. | അധ്യയന വർഷം. | ഹിന്ദി അധ്യാപിക |
| 2) ഹിന്ദി തെറ്റ് കൂടാതെ വായിക്കാൻ ഉള്ള കഴിവ് വളർത്തൽ | - നിരന്തരം വായന നടത്തി ശീലിപ്പിച്ച് വായനയിലേക്ക് ആകർഷിക്കുക. ചിത്രകഥകൾ, ലഘു കഥകൾ നൽകി വായിപ്പിക്കൽ | ഒരു അക്കാദമിക വർഷം | ഹിന്ദി അധ്യാപിക |
| 3) ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കുക. പദസമ്പത്ത് വളർത്തുക. | കുട്ടികളോട് ഹിന്ദിയിൽ സംസാരിക്കുക. ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ ചോദിക്കുക | അക്കാദമിക വർഷം | ഹിന്ദി അധ്യാപിക. |

## മേഖല - സംസ്കൃതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | പിന്തുണ |
|---|---|---|---|
| UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | ഭാഷ ജ്ഞാനം<br>· അക്ഷരം എഴുത്ത്<br>· ചിഹ്നം ഉറപ്പിക്കൽ<br>· അക്ഷര കാർഡ്<br>· വാക്കുകൾ എഴുതിയ കാർഡ്.<br>· അക്ഷരമരം നിർമ്മിക്കൽ | ജൂൺ മുതൽ ഓഗസ്റ്റ് വരെ | സംസ്കൃതം അധ്യാപിക. |
| വീട് ഒരു പരീക്ഷണ ശാല<br>കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക. | സെപ്തംബർ ഒക്ടോബർ | അധ്യാപിക |
| വായനാലോകം<br>കുട്ടിയെ വായനയുടെ ലോകത്തേക്ക് നയിക്കൽ | ലളിതമായ കഥകൾ, പുസ്തകങ്ങൾ വായിപ്പിക്കുക.<br>അസംബ്ലിയിൽ വായിപ്പിക്കുക. | ജൂൺ - മാർച്ച് | സംസ്കൃതം അധ്യാപിക |
| മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | ക്വിസ് മത്സരങ്ങൾ നടത്തുക.<br>മാതൃക ചോദ്യപേപ്പറുകൾ തയ്യാറാക്കുക. | ജൂൺ - ഫെബ്രുവരി | സംസ്കൃതം അധ്യാപിക |

മേഖല - സാമൂഹ്യശാസ്ത്രം.

ഉപമേഖല - ബുള്ളറ്റ് ബോർഡ്.

ലക്ഷ്യം - നിരന്തരമായ ശേഖരണത്തിന്റെയും ബോധ്യമെന്റെ മേന്മയും ശീലം വളർത്തിയെടുത്ത് സാമൂഹ്യ ശാസ്ത്ര അഭിരുചി വളർത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനത്തിൽ എല്ലാ കുട്ടികളും ഒരുപോലെ പങ്കെടുക്കാനും അവസരങ്ങൾ ഒരുക്കി നേട്ടങ്ങൾ കൈവരിക്കുന്നതിനും | ദിനാചരണങ്ങൾ മറ്റു വിശേഷ സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തി ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ എന്നിവയിൽ നിന്ന് വാർത്തകൾ ചിത്രങ്ങൾ എന്നിവ ശേഖരിച്ച് ബുള്ളറ്റിൻ ബോർഡ് ക്രമീകരിക്കുന്നു.<br>ചർച്ചകൾ നടത്തി കുറിപ്പുകൾ തയ്യാറാക്കുന്നു.<br>വിവിധ സാമൂഹ്യ ശാസ്ത്ര മേഖലകളുമായി ബന്ധപ്പെട്ട ആൽബങ്ങളും പതിപ്പുകൾ എന്നിവ തയ്യാറാക്കൽ.<br>മേളകൾക്കായി പ്രവർത്തനങ്ങൾ നടത്തുക.<br>സാമൂഹ്യശാസ്ത്ര ക്ലബ്ബ്. | | |

മേഖല - ശാസ്ത്രപഠനം

ഉപമേഖല - പരീക്ഷണങ്ങൾ, കുറിപ്പുകൾ, നിരീക്ഷണങ്ങൾ

ലക്ഷ്യം - സ്കൂളിലെ മുഴുവൻ കുട്ടികളെയും പരീക്ഷണങ്ങളിൽ ഏർപ്പെടുത്തി ശാസ്ത്രീയ ബോധ്യമാക്കി ശാസ്ത്രബോധം വളർത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|
| ശാസ്ത്രപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും നിരീക്ഷണ പാടവം വർദ്ധിപ്പിക്കുന്നതിനും | പരിസര നിരീക്ഷണം കുറിപ്പുകൾ തയ്യാറാക്കൽ പരീക്ഷണത്തിനാവശ്യമായ സാമഗ്രികൾ കണ്ടെത്തി ലിസ്റ്റ് തയാറാക്കൽ | June - December | Science Teacher, Class Teacher |
| പരീക്ഷണ കുറിപ്പുകൾ എഴുതുന്നതിനും ശാസ്ത്രമേള തയ്യാറാക്കുന്നതിനും | ലിസ്റ്റിലെ സാമഗ്രികൾ വാങ്ങൽ പരീക്ഷണ നിരീക്ഷണങ്ങൾ നടത്തൽ അപഗ്രഥിച്ച് നിഗമനത്തിൽ എത്തൽ പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശില്പശാല, സ്കൂൾ ലാബ് സജ്ജീകരിക്കൽ, ശാസ്ത്രമേളയിൽ കുട്ടികളുടെ പങ്കാളിത്തം. സ്കൂൾതല ശാസ്ത്രമേള | June to Mar. | PTA SRG. |

# മേഖല - യു പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | രസകരമായ ഇംഗ്ലീഷ് കഥകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ ജൂലൈ | ഇംഗ്ലീഷ് അധ്യാപിക | |
| വായന പരിശീലിപ്പിക്കുന്നു | വ്യത്യസ്ത തലങ്ങളിലുള്ള വിവിധ വായന കാർഡുകൾ ശേഖരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ജൂലൈ ആഗസ്റ്റ് ഒക്ടോബർ നവംബർ | ഇംഗ്ലീഷ് അധ്യാപിക | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | Class മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | ഇംഗ്ലീഷ് പിരീഡ്<br>ഇംഗ്ലീഷ് പിരീഡ് | ഇംഗ്ലീഷ് അധ്യാപിക | |